'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിൽ അഗതി രഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.416/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/02/2020

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25/10/2019ലെ കത്ത്.

2 28/01/2020ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23(4.3) നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിൽ അഗതി രഹിതകേരളം - ഭവന പദ്ധതിയിൽ ഉൾപ്പെട്ട 4 ഗുണഭോക്താക്കൾ ഭവനരഹിതരായിട്ടുണ്ട് എന്നും എന്നാൽ ഇവർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്നും ആയതിനാൽ ലൈഫ് മിഷൻ ലിസ്റ്റിലുള്ള ഭൂമിയുള്ള മുഴുവൻ ഭവന രഹിതർക്കും വീട് നൽകി മിച്ചമുള്ള തുക ഉപയോഗിച്ച് (20%ത്തിൽ ഉൾപ്പെട്ട തുക) പഞ്ചായത്തിൽ ഒന്നാം വാർഡിൽ താമസിക്കുന്ന ശ്രീ. ഷിബു സി, ശ്രീമതി. ഷാഹിദ. പി.കെ, അഞ്ചാം വാർഡിൽ താമസിക്കുന്ന ശാന്ത. എൻ ,ഒമ്പതാം വാർഡിൽ താമസിക്കുന്ന ശ്രീമതി. ഗീത എന്നി 4 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകാൻ അനുമതി നൽകണമെന്ന പഞ്ചായത്തിന്റെ ആവശ്യം പരാമർശം ഒന്ന് പ്രകാരം കണ്ണൂർ ജില്ല പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി

ഈ വിഷയം സർക്കാർ സൂചന(2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്തിൽ ഒന്നാം വാർഡിൽ താമസിക്കുന്ന ശ്രീ. ഷിബു സി, ശ്രീമതി. ഷാഹിദ. പി.കെ, അഞ്ചാം വാർഡിൽ താമസിക്കുന്ന ശാന്ത. എൻ ഒമ്പതാം വാർഡിൽ താമസിക്കുന്ന ശ്രീമതി. ഗീത എന്നിവർ ആശ്രയ ഗുണഭോക്താക്കളാണ്. ഇതിൽ ശ്രീമതി. ഗീതക്ക് പ്രളയത്തിൽ തകർന്ന ഭവനം പുനർ നിർമിക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇവർ നാലുപേരും ലൈഫ് ലിസ്റ്റിൽ ഇല്ലായെങ്കിലും ആശ്രയ ഗുണഭോക്താക്കളായതിനാൽ ശ്രീമതി. ഗീത ഒഴിച്ച് മറ്റുള്ളവർക്ക് വീടു നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി. ഗീതക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിന് റവന്യൂ വകുപ്പ് അന്തിമ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ പഞ്ചായത്തിൽ നിന്ന് വീട് നൽകേണ്ടതില്ല എന്നും ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ/ജില്ലാ പ്ലാനിംഗ് ഓഫീസർ കണ്ണൂർ ജില്ല.

സെക്രട്ടറി, കോട്ടയം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ